(ബി) നിലവിൽ ഒരാൾക്ക് പ്രതിമാസം 120 (നൂറ്റി ഇരുപത് രൂപ മാത്രം) രൂപയാണ് തൊഴിൽരഹിത വേതനമായി അനുവദിക്കുന്നത്.

(സി) നിലവിൽ 7/2015 മുതൽ 11/2015 വരെയുള്ള 5 മാസക്കാലത്തെ തൊഴിൽരഹിത വേതനം കുടിശ്ശികയുണ്ട്.

(ഡി) ജൂലൈ 2015 മുതൽ നവംബർ 2015 വരെയുള്ള അഞ്ചുമാസക്കാലത്തെ കുടിശ്ശിക വേതനം വിതരണം നടത്തുന്നതിന് 13,17,94,200 രൂപ (പതിമൂന്ന് കോടി പതിനേഴ് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി ഇരുന്നൂറ് രൂപ മാത്രം) വേണ്ടിവരും.

(ഇ) ഇത്തരത്തിലുള്ള പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

അസംഘടിത മേഖലയിലെ തൊഴിൽ സുരക്ഷ

265(2734) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിൽ ജോലി ചെയ്യുന്നവരുടെ തൊഴിലും കൂലിയും ഉറപ്പു വരുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഏതെല്ലാം വിഭാഗം തൊഴിലാളികൾക്ക് ക്ഷേമനിധികൾ നടപ്പാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ ;

(സി) ഓരോ ക്ഷേമനിധിയിലുമായി എത്ര തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) ഓരോ ക്ഷേമനിധിയിലും എത്ര പെൻഷൻകാർ ഉണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പരമ്പരാഗത മേഖലയിലെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവരും 25,000 രൂപയോ അതിൽ കുറവോ വരുമാനമുള്ളവരുമായ തൊഴിലാളികൾക്ക് അവരുടെ വരുമാനത്തിന് പിൻബലം നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയാണ് വരുമാന സഹായ പദ്ധതി. ബീഡി, ഖാദി, മത്സ്യബന്ധനവും സംസ്കരണവും, കയർ, കൂട്ട, പായ നെയ്ത്ത്, കൈത്തറി എന്നീ മേഖലയിൽ ജോലി ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്കാണ് ടി സഹായം നൽകിവരുന്നത്. 2010-11 സാമ്പത്തിക വർഷം മുതൽ ടി പദ്ധതി നടപ്പിലാക്കി വരുന്നു. ഓരോ മേഖലയ്ക്കും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ നൽകിയ തുക ചുവടെ ചേർക്കുന്നു:

	2010-11	2011-12	2012-13	2013-14	2014-15	2015-16
	Cr.	Cr.	Cr.	Cr.	Cr.	Cr.
ഖാദി	10	1.485	20	18	22	13.05
കൈത്തറി	10	1.096	--	--	3	1.5
കയർ	20	6.506	23	23	--	--
ഫിഷറീസ്	--	1.708	30	30	19.88	16
ബീഡി	--	5.306	--	1	--	--
ഈറ്റ		1.706	2	1	1.5	1.5

(ബി) കള്ള് വ്യവസായ തൊഴിലാളികൾ, നിർമ്മാണ തൊഴിലാളികൾ, കടിയേറ്റ തൊഴിലാളികൾ, പീടിക തൊഴിലാളികൾ, ആഭരണ തൊഴിലാളികൾ, പ്ലാന്റേഷൻ തൊഴിലാളികൾ, ഫാക്ടറി തൊഴിലാളികൾ (കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളികൾ, ബാർബർ ബ്യൂട്ടീഷൻസ് തൊഴിലാളികൾ, അലക്ക് തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ, പാചക തൊഴിലാളികൾ, ക്ഷേത്ര ജീവനക്കാർ) മോട്ടോർ തൊഴിലാളികൾ (ഹെവി ആന്റ് ലൈറ്റ്, ഓട്ടോമൊബൈൽ വർക്ക്ഷോപ്പ്, ഓട്ടോറിക്ഷാ തൊഴിലാളികൾ) കശുവണ്ടി തൊഴിലാളികൾ, ചെറുകിട തോട്ടം തൊഴിലാളികൾ, ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികൾ, കൈത്തറി തൊഴിലാളികൾ, ബീഡി സിഗാർ തൊഴിലാളികൾ എന്നിവർക്കും ക്ഷേമനിധി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.*

(സി) വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ഡി) വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly